വള്ളികുന്നം ഗ്രാമപഞ്ചായത്ത് കമ്മിറ്റി നടത്തിയ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷണം

28 [2354] *ശ്രീ. എം. മുരളി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ പഞ്ചായത്ത് കമ്മിറ്റി നടത്തിയ അഴിമതിയെക്കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പുരോഗതി വിവരിക്കാമോ;

(ബി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ എന്നേക്ക് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ 1997 1998 കാലയളവിൽ ജനകീയാസൂത്രണ പദ്ധതിപ്രകാരം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണവുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണം, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ ആലപ്പുഴ ജില്ലാ യൂണിറ്റിൽ നടന്നുവരുന്നു.

(ബി) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ധാരാളം സാക്ഷികളെ നേരിൽ കണ്ട് മൊഴി രേഖപ്പെടുത്തേണ്ടതിനാലും, ധാരാളം രെക്കോർഡുകൾ കണ്ടെടുത്ത് സൂക്ഷ്മമായി പരിശോധിക്കേണ്ടതിനാലും ആരോപണങ്ങളുടെ എണ്ണം കൂടുതലായതിനാലും സ്വാഭാവികമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്.

(സി) വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു. അന്വേഷണറിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

അനിതയുടെ മരണം സംബന്ധിച്ച് അന്വേഷണം

29 [2362] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ വെടിവച്ചാൻ കോവിൽ താന്നിവിള വാമനിവാസിൽ എസ്. അനിതയുടെ മരണം സംബന്ധിച്ച് പോലീസ് നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് പരാതിക്കാരിക്ക് മറുപടി നൽകിയിരുന്നു. മറുപടി തൃപ്തികരമല്ല എന്നറിയിച്ചുകൊണ്ട് വീണ്ടും പരാതി ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതിയിൻമേൽ ഡി.ഐ.ജി. തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഡി.ജി.പി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

GPM. 2/612/2012—11

LIBRARY ARCHIVES Kerala Legislative Assembly